നമ്പർ: ബി3- 2227/2020 തീയതി: 30/09/2020

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

**1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994 ലെ 13) 232,233,234,254 എന്നീ വകുപ്പുകളും അതേ തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ച് വ്യവസായങ്ങൾ ഫാക്ടറികൾ, വ്യാപാരങ്ങൾ,സംരംഭക പ്രവർത്തനങ്ങൾ ,മറ്റു സേവനങ്ങൾ എന്നിവക്ക് നല്കുന്ന**

## ലൈസൻസ്

| | |
|---|---|
| ലൈസൻസിയുടെ പേരും മേൽവിലാസവും | ശ്രീ.സി.പി ഫിലിപ്പ്<br>ചെറിയാക്കൽ ഹൗസ്<br>വടക്കുംമുറി പി.ഒ |
| സ്ഥാപനത്തിന്റെ പേരും, സ്ഥലനാമവും | ഫിലിപ്പ്സ് ഹോം സ്റ്റേ, കരിങ്കുന്നം |
| ലൈസൻസ്നല്കിയിട്ടുള്ള പ്രവർത്തനങ്ങൾ | ഹോം സ്റ്റേ നടത്തുന്നതിന് |
| വാർഡ് നമ്പരും, കെട്ടിട നമ്പരും | 07/230 എ |
| ലൈസൻസ് കാലയളവ് | 29/09/2020-31/03/2021 |
| ഈടാക്കിയ ലൈസൻസ് ഫീസ് | 1000 |
| രസീത് നമ്പർ,തിയതി | 120010100525-1000 (ലൈസൻസ് ഫീ)<br>120010100526-2500 (തൊഴിൽ നികുതി)<br>29/09/2020 |
| ലൈസൻസ് അനുവദിക്കുന്നതിനായി ഹാജരാക്കിയ നിരാക്ഷേപപത്രങ്ങളുടെ വിശദാംശങ്ങൾ(നമ്പർ,തീയതി, കാലയളവ്,നല്കിയ അധികാരസ്ഥാനം) | കരിങ്കുന്നം പ്രാഥമികാരോഗ്യകേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടറുടെ 16/09/2020 തീയതിയിലെ 634/2020 നമ്പർ സാനിട്ടറി സർട്ടിഫിക്കറ്റ് |

ഓഫീസ് മുദ്ര

കരിങ്കുന്നം ഗ്രാമപഞ്ചായത്ത് കാര്യാലയം ★ കരിങ്കുന്നം പി.ഒ., ഇടുക്കി ജില്ല ★ പിൻ 685 586

സെക്രട്ടറി
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

ലീനാകുമാരി കെ.ജി.
സെക്രട്ടറി
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്
കരിങ്കുന്നം പി.ഒ., ഇടുക്കി ജില്ല - 685586
Ph: 04862-242322, Mob : 9496045101

## ലൈസൻസ് താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു

1. കേരള പഞ്ചായത്ത് രാജ് ആക്ടും അതേ തുടർന്നുള്ള ചട്ടങ്ങളും ബൈലോകളും അനുസരിച്ചു പ്രവർത്തിക്കേണ്ട താകുന്നു.
2. തൊഴിൽ സ്ഥലവും അതിലുള്ള സാധനസാമഗ്രികളും പഞ്ചായത്തധികാരികൾക്കോ/സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി സൗകര്യം നല്കേണ്ടതും അവർ ആവശ്യപ്പെട്ടാൽ ലൈസൻസ് കാണിക്കേണ്ടതുമാണ്.
3. ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നല്കിയിരിക്കുന്നവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസി തന്റെ പേരും, ലൈസൻസിന്റെ നമ്പരും ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേ ണ്ടതാണ്.
4. പഞ്ചായത്തിനിന്നും അനുവാദം ലഭിച്ചശേഷമല്ലാതെ തൊഴിൽ സ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ട തുമാകുന്നു.
5. തൊഴിൽ സ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമികരോഗാണുക്കൾ ഉണ്ടാക്കാത്ത വിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യപാരത്തിനു വച്ചിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഈച്ച, അണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.
6. ഒരോ പ്രവർത്തിദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.
7. ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ, ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച്, സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്ക ണ്ടതാണ്.
8. ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠ രോഗമോ വ്രണമോ പകർച്ച വ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.
9. 40 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും മറ്റ് നിരോധിത പ്ലാസ്റ്റിക് ഇനങ്ങളും ഉല്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വില്ക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാൻ പാടില്ല.
10. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേതാണ്.20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
11. ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുവരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേല്പറഞ്ഞ പരിസരത്തിലുള്ള തറയുംനടപ്പാതയും അവിടെ തെറിച്ചുവീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ, അസഹ്യവും, ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായി കേടുപാട് തീർത്ത് നിലനിർത്തേതാണ്.
12. ലൈസൻസി മേല്പറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും, അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാട് തീർത്ത് വയ്പിക്കേണ്ടതാണ്.
13. തൊഴിൽ സ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമികരോഗാണുക്കൾ ഉണ്ടാക്കാത്ത വിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യപാരത്തിനു വച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈച്ച, അണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.
14. ഒരോ പ്രവർത്തിദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേതാണ്.
15. നിരോധിത ഉല്പന്നങ്ങളായ പാൻമസാല, ഗുഡ്ഖ തുടങ്ങിയവ സംഭരിച്ചുവയിക്കുവാനോ വില്ക്കുവാനോ പാടില്ല.
16. ബാലവേല അനുവദിക്കാൻ പാടില്ല
17. മുകളിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതിന് കാരണമാകാവുന്നതാണ്.
18. കാലാവധി തീരുന്നതിന് 30 ദിവസം മുമ്പായി ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്

കരിങ്കുന്നം ഗ്രാമപഞ്ചായത്ത് കാര്യാലയം
കരിങ്കുന്നം പി.ഒ., ഇടുക്കി ജില്ല
പിൻ 685 586

സെക്രട്ടറി
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

ലീനാകുമാരി കെ.ജി.
സെക്രട്ടറി
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്
കരിങ്കുന്നം പി.ഒ., ഇടുക്കി ജില്ല - 685586
Ph: 04862-242322, Mob : 9496045101